# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ വ്യാവസായിക ഉൽപ്പാദനത്തിൽ വളർച്ച കൈവരിച്ചതായി കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം.
   India's industrial production has shown steady growth, says Ministry of Statistics.
2. ഹിൻഡൻബർഗ് റിപ്പോർട്ടിലെ ആരോപണങ്ങൾ തെറ്റിധരിപ്പിക്കുന്നതെന്ന് ഇന്ത്യൻ ഓഹരി നിയന്ത്രണ ഏജൻസിയായ സെബി.
   ആരോപണത്തെക്കുറിച്ച് സെബി കൃത്യമായ മറുപടി നൽകണമെന്ന് കോൺഗ്രസ്.
   The Securities and Exchange Board of India (SEBI) has refuted the allegations made by US-based short-seller Hindenburg Research. Congress demanded answers from SEBI on the allegations.
3. കൊൽക്കത്തയിൽ വനിതാ ഡോക്ടറുടെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ പുരോഗതിയുണ്ടായില്ലെങ്കിൽ കേസ് സിബിഐക്ക് കൈമാറുമെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി.
   West Bengal Chief Minister Mamata Banerjee said that the murder case of the lady doctor at R G Kar Medical College and Hospital in Kolkata will be handed over to CBI if the police can not come to conclusion in one week.

4. വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പിൽ കഴിയുന്നവരുടെ താത്കാലിക പുനരധിവാസം ഈ മാസം തന്നെ ഉറപ്പുവരുത്തുമെന്ന് റവന്യൂമന്ത്രി കെ.രാജൻ.

   In Kerala, Minister K Rajan assured that the rehabilitation of those staying in relief camps after hit by landslide in Wayanad will be made by this month.

5. രാജസ്ഥാനിൽ മഴക്കെടുതി രൂക്ഷം 25 പേർക്ക് ജീവഹാനി. കേരളത്തിലും വരുംദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

   In Rajasthan, the death toll raises to 25 in rain havoc. While in Kerala, heavy rain is expected in the coming days predicted IMD.

**************

## IIP-CPI

രാജ്യത്തെ വ്യാവസായിക ഉൽപ്പാദനം ഈ വർഷം ജൂണിൽ 4.2 ശതമാനം വളർച്ച രേഖപ്പെടുത്തി. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിന്റെ കണക്ക് അനുസരിച്ച്, ഖനനം, ഉൽപാദനം, വൈദ്യുതി എന്നീ മേഖലകളിലാണ് മുന്നേറ്റം കൈവരിച്ചത്. പണപ്പെരുപ്പ നിരക്കിലും വർഷാവർഷം കുറവുണ്ടാകുന്നുണ്ടെന്ന് മന്ത്രാലയത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ വാർഷിക ഭക്ഷ്യ പണപ്പെരുപ്പ നിരക്ക് 5.42 ശതമാനമായിരുന്നു. ഇത് 2023 ജൂണിനു ശേഷമുള്ള ഏറ്റവും താഴ്ന്ന നിരക്കാണ്.

**************

## GOVT-MODEL SOLAR VILLAGE

പ്രധാൻമന്ത്രി-സൂര്യ ഘർ-മുഫ്ത് ബിജ്ലി യോജനയ്ക്ക് കീഴിൽ മാതൃകാ സൗരോർജ്ജ ഗ്രാമം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പുറത്തിറക്കി. പദ്ധതി പ്രകാരം രാജ്യത്തുടനീളം ഒരോ ജില്ലയിലും ഒരു മാതൃകാ സൗരോർജ്ജ ഗ്രാമം സൃഷ്ടിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് പുനരുപയോഗ ഊർജ മന്ത്രാലയം അറിയിച്ചു. പദ്ധതി നടത്തിപ്പിനായി 800 കോടി രൂപ അനുവദിച്ചതായും മന്ത്രാലയം

വ്യക്തമാക്കി. ഇക്കഴിഞ്ഞ ഫെബ്രുവരിയിലാണ് പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയത്.

**************

## Foreign Secretary Nepal

വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി നേപ്പാൾ വിദേശ കാര്യ മന്ത്രി അർസു റാണ ദേഉബയുമായി കാഠ്മണ്ഡുവിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയും നേപ്പാളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച നടത്തി. നേപ്പാൾ വിദേശകാര്യ സെക്രട്ടറി സേവാ ലമ്സെല്ലുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഇന്ത്യയും നേപ്പാളും തമ്മിലുള്ള, സഹകരണം കൂടുതൽ മെച്ചപ്പെ◌ുത്തുന്നതിന് ആവശ്യമായ നടപടികൾ സംബന്ധിച്ച് ചർച്ച നടത്തി.

**************

## JAISHANKAR-MOU

മാൽദീവ്സ് സിവിൽ സർവീസ് ഉദ്യോഗസ്ഥൻമാരുടെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ത്യയും മാൽദീവ്സും തമ്മിൽ നിലവിലുണ്ടായിരുന്ന കരാർ പുതുക്കി. 2029 വരെ കരാർ പുതുക്കുന്നതിനുള്ള ധാരണാപത്രത്തിൽ കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയശങ്കറും മാൽദീവ്സ് വിദേശകാര്യ സഹമന്ത്രി മൂസ സമീറും ഒപ്പുവച്ചു. മാൽദീവ്സിൻ◌്റെ തലസ്ഥാനമായ മാലിയിൽ ഈ മാസം ഒമ്പതിനാണ് ധാരണാപത്രം പുതുക്കിയത്. ഈ പങ്കാളിത്തത്തിലൂടെ പൊതുനയം, ഭരണം, തുടങ്ങിയവയിൽ മാൽദീവ്സ് സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കഴിവുകൾ വികസിപ്പിക്കുന്ന പരിശീലനങ്ങൾ തുടരും. ഇതിലൂടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുമെന്നാണ് വിലയിരുത്തൽ.

**************

## SEBI (INTRO)

ഹിൻഡൻബർഗ് റിപ്പോർട്ടിലെ ആരോപണങ്ങൾ നിഷേധിച്ച് ഇന്ത്യൻ ഓഹരി നിയന്ത്രണ ഏജൻസിയായ സെബി. ഓഹരി നിക്ഷേപവും കൈമാറ്റവും സംബന്ധിച്ച വിവരങ്ങൾ, സെബി മേധാവി കൃത്യമായി വെളുപ്പെടുത്തിയിട്ടുണ്ടെന്നും, താത്പര്യ വൈരുധ്യങ്ങൾ പരിശോധിക്കാൻ സെബിയ്ക്ക് അഭ്യന്തര സംവിധാനമുണ്ടെന്നും വിശദീകരണത്തിൽ പറയുന്നു. നിക്ഷേപകർ പരിഭ്രാന്തരാകേണ്ടതില്ലെന്നും, ഇത്തരം റിപ്പോർട്ടുകളെ ശ്രദ്ധയോടെ വേണം സമീപിക്കാനെന്നും സെബി വ്യക്തമാക്കി.

ഒരു റിപ്പോർട്ട്
(വോയ്സ്)

ഇന്ത്യൻ ഓഹരി വിപണിയുടെ വിശ്വാസ്യതയും വളർച്ചയും ഉറപ്പുവരുത്താൻ സെബി പ്രതിജ്ഞാബദ്ധമാണെന്ന് പ്രസ്താവനയിൽ പറയുന്നു. അമേരിക്കൻ നിക്ഷേപ ഗവേഷണ സ്ഥാപനമായ ഹിൻഡൻബർഗ്, അദാനി ഗ്രൂപ്പിനെതിരെ നടത്തിയ ആരോപണങ്ങൾ സെബി പരിശോധിച്ചതാണെന്നും പ്രസ്താവനയിൽ വ്യക്തമാക്കുന്നു. ആരോപണങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് അദാനി ഗ്രൂപ്പ് പ്രതികരിച്ചു. സെബി മേധാവി മാധബി ബുച്ചും, ഭർത്താവ് ധവാൽ ബുച്ചും റിപ്പോർട്ടിലെ ആരോപണങ്ങൾ നിഷേധിച്ചു. ഹിൻഡൻബർഗിനെതിരായ നിയമ നടപടികളുടെ പശ്ചാത്തലത്തിൽ, വ്യക്തിഹത്യയ്ക്കുള്ള ശ്രമമാണിതെന്നും അവർ പറഞ്ഞു. ഇന്ത്യൻ മ്യൂച്വൽ ഫണ്ട് അസോസിയേഷനും റിപ്പോർട്ടിനെതിരെ രംഗത്തുവന്നു. ഇന്ത്യയുടെ വളർച്ചാപാതയിൽ തടസ്സം സൃഷ്ടിക്കാനുള്ള ശ്രമമാണിതെന്ന് സംഘടന പ്രസ്താവനയിലൂടെ ചൂണ്ടിക്കാട്ടി.സെബിയെ കുറിച്ചുള്ള അടിസ്ഥാന രഹിതമായ വാർത്തകൾക്ക് അനാവശ്യ പ്രാധാന്യം നൽകുക വഴി ഇന്ത്യയുടെ ഓഹരി വിപണിയെ അസ്ഥിരപ്പെടുത്തിയത് കോൺഗ്രസാണെന്ന് ബിജെപി ആരോപിച്ചു. ഓഹരി വിപണിയെ മുഴുവൻ തകർക്കാനും, വിദേശ രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപം അവസാനിപ്പിക്കാനും അവർ ആഗ്രഹിക്കുന്നുവെന്ന് മുതിർന്ന ബിജെപി നേതാവ് രവിശങ്കർ പ്രസാദ് ഇന്ന് ന്യൂഡൽഹിയിൽ പറഞ്ഞു. അതേസമയം ഹിൻഡൻബർഗ് റിപ്പോർട്ടിനെക്കുറിച്ചും സെബി മേധാവിക്കെതിരായ ആരോപണത്തെക്കുറിച്ചും കൃത്യമായ മറുപടി നൽകണമെന്ന് കോൺഗ്രസ് നേതാവ് പവൻ ഖേര ആവശ്യപ്പെട്ടു.

ന്യൂസ് ഡെസ്ക് ആകാശവാണി.

**************

## REV. WB-RESIGN

കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളേജിൽ വനിത ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ ഒരാഴ്ചയ്ക്കുള്ളിൽ പുരോഗതിയുണ്ടാക്കാൻ പോലീസിന് കഴിയുന്നില്ലെങ്കിൽ അന്വേഷണം സിബിഐക്ക് കൈമാറുമെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി പറഞ്ഞു. കൂടുതൽ പേർക്ക് കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന് ഡോക്ടറുടെ മാതാപിതാക്കൾ സംശയിക്കുന്നതായി അവരെ സന്ദർശിച്ച ശേഷം മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, ആർജി കർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ശ്രീ സന്ദീപ് ഘോഷ് ഇന്ന് രാജിവച്ചു.

**************

## WAYANAD

വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പിൽ കഴിയുന്നവരുടെ താത്കാലിക പുനരധിവാസം ഈ മാസം തന്നെ ഉറപ്പുവരുത്തുമെന്ന് റവന്യൂമന്ത്രി കെ.രാജൻ. വീടുകളുടെ വാടക സംസ്ഥാന സർക്കാർ നൽകും. ഒരാൾക്കും പ്രയാസം ഉണ്ടാക്കാത്ത രീതിയിൽ താത്ക്കാലിക പുനരധിവാസം സാധ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. അതേസമയം ഉരുൾപ്പൊട്ടൽ ദുരന്തത്തിനിരയായവരുടെ വായ്പകൾ എഴുതി തള്ളാൻ കേരളാ ബാങ്ക് തീരുമാനിച്ചു. കേരള ബാങ്ക് ചൂരൽമല ശാഖയിലെ വായ്പക്കാരിൽ, ദുരന്തത്തിൽ മരണപ്പെട്ടവരുടെയും, ഈടു നൽകിയ വീടും വസ്തുവകകളും നഷ്ടപ്പെട്ടവരുടെയും മുഴുവൻ വായ്പകളും എഴുതി തള്ളുന്നതിനാണ് ബാങ്ക് ഭരണസമിതി യോഗം തീരുമാനിച്ചത്.

**************

## Wayand serch

വയനാട് ദുരന്തത്തിൽ കാണാതായവർക്കു വേണ്ടിയുള്ള തിരച്ചിൽ നാളെയും തുടരും. ഇന്നത്തെ തിരച്ചിലിൽ ചാലിയാറിൽ നിന്ന് ഒരു ശരീരഭാഗം കൂടി കണ്ടെത്തി. മഴയെ തുടർന്നാണ് അപകട മേഖലയിലെ തിരച്ചിൽ ഉച്ചയോടെ അവസാനിപ്പിച്ചത്.

**************

## RAJASTHAN - RAIN

രാജസ്ഥാനിൽ മഴക്കെടുതിയിൽ മരിച്ചവരുടെ എണ്ണം 25 കടന്നു. മൂന്ന് ദിവസമായി തുടരുന്ന മഴ, രാജസ്ഥാന്റെ കിഴക്കൻ ജില്ലകളിലെ ജനജീവിതത്തെ സാരമായി ബാധിച്ചു. ദൗസ, കരൗലി, സവായ്മധോപൂർ ജില്ലകളിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലാണ്. പലയിടങ്ങളിലും റോഡ് ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. ദുരന്തബാധിതപ്രദേശങ്ങളിൽ ദേശീയ-സംസ്ഥാന ദുരന്തനിവാരണസേനകളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം തുടരുകയാണ്.

**************

## IMD

കേരളത്തിൽ അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. തെക്കൻ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 16 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

**************

## GANGA-FLOOD

ബിഹാറിൽ ഗംഗ, പുൻപുൻ നദികളുടെ ജലനിരപ്പ് അപകടനിലയ്ക്കു മുകളിൽ തുടരുന്നു. മാനേർ, ദീഗാ ഘാട്ട്, ഗാന്ധി ഘാട്ട്, ഹതിദഗ് എന്നിവിടങ്ങളിൽ ഗംഗാ നദിയുടെ ജലനിരപ്പ് ഉയർന്ന പശ്ചാത്തലത്തിൽ വെള്ളപ്പൊക്ക മുന്നറിയിപ്പ് നൽകി. അർവൽ, ശ്രീപാൽപൂർ എന്നിവടങ്ങളിൽ പുൻപുൻ നദിയുടെ ജലനിരപ്പ് ഉയർന്നിട്ടുണ്ട്. മുഖ്യമന്ത്രി നിതീഷ് കുമാർ പ്രദേശം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

**************

## KEJRIWAL - SC

മദ്യനയ അഴിമതി കേസിൽ സിബിഐ അറസ്റ്റ് ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ സുപ്രീം കോടതിയെ സമീപിച്ചു. സിബിഐ അറസ്റ്റിനെതിരായി കെജ്രിവാൾ നൽകിയ

ഹർജി ഡൽഹി ഹൈക്കോടതി തള്ളിയ പശ്ചാത്തലത്തിലാണ് സുപ്രീം കോടതിയെ സമീപിച്ചത്.

**************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി, ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25-ന് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 113-ആം പതിപ്പാണിത്. പരിപാടിയിലേക്കുള്ള പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നമോ ആപ്പിലൂടെയോ MyGov ഓപ്പൺ ഫോറം വഴിയോ അറിയിക്കാവുന്നതാണ്. ഈ മാസം 23 ആണ് ആശയങ്ങൾ നൽകാനുള്ള അവസാന തിയതി.

**************

## Mullaperiyar Dam

വീണ്ടും സമരത്തിനൊരുങ്ങി മുല്ലപ്പെരിയാർ സമര സമിതി. മുല്ലപ്പെരിയാർ വിഷയത്തിൽ ജനീകയ പ്രക്ഷോഭങ്ങൾ ഒഴിവാക്കി, വിഷയം സംബന്ധിച്ച് ജനങ്ങളെ കൂടുതൽ ബോധവത്കരിച്ച് സർക്കാരിൽ സമ്മർദ്ദം ചെലുത്തി ഇടപെടൽ നടത്തിക്കാനാണ് തീരുമാനം.വ്യാഴാഴ്ച നടക്കുന്ന യോഗത്തിന് ശേഷം, പുതിയ സമര പരിപാടികളിൽ തീരുമാനം എടുക്കുമെന്നും സമിതി അറിയിച്ചു.

**************

## KARNATAKA TASK FORCE

മനുഷ്യ - കാട്ടാന സംഘർഷം തടയുന്നതിനായി പ്രധാന സംഘർഷ ബാധിത മേഖലകളിൽ സ്ഥാപിച്ച എട്ട് പ്രത്യേക എലിഫൻ്റ് ടാസ്ക് ഫോഴ്സുകൾ കഴിഞ്ഞ വർഷം 1200 ലധികം സംഘർഷങ്ങളിൽ പ്രതികരിക്കുകയും ആനകളെ വനത്തിലേക്ക് തിരിച്ചയക്കുന്നതിൽ വിജയിക്കുകയും ചെയ്തതായി കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പറഞ്ഞു. ഡപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ നേതൃത്വത്തിലാണ് ഈ ടാസ്ക് ഫോഴ്സുകൾ പ്രവർത്തിക്കുന്നത്. ലോക ആന

ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കഴിഞ്ഞ 10 വർഷത്തിനിടെ 2500 മനുഷ്യ- കാട്ടാന സംഘർഷങ്ങളിലായി സംസ്ഥാനത്ത് 350 മരണങ്ങളും ഗണ്യമായ കൃഷിനാശവും ഉണ്ടായതായി മുഖ്യമന്ത്രി അറിയിച്ചു.

**************

## Independence Day Celebration

സംസ്ഥാനത്ത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ആഗസ്റ്റ് 15 രാവിലെ 9 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. തുടർന്ന് വിവിധ സേനാവിഭാഗങ്ങളുടെ അഭിവാദ്യവും മുഖ്യമന്ത്രി സ്വീകരിക്കും. സ്വാതന്ത്ര്യദിന സന്ദേശം അദ്ദേഹം ചടങ്ങിൽ നൽകും. ജില്ലാ ആസ്ഥാനങ്ങളിലും നടക്കുന്ന ചടങ്ങുകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

**************

*********

***